**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം ജില്ലയിലെ മണക്കാട്ടുള്ള ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല - പ്ളാറ്റിനം ജൂബിലി ആഘോഷം - തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും സംഭാവന – യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.)നം. 1071/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 3/3/2016.

പരാമർശം:- 1. സ.ഉ.(എം.എസ്) 58/06/തസ്വഭവ. തീയതി: 16.02.2006.
2. സെക്രട്ടറി, ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല, മണക്കാടിന്റെ 25/2/2016 ലെ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മണക്കാട്ടുള്ള ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല പ്ളാറ്റിനം ജൂബിലി ആഘോഷങ്ങളിലേയ്ക്കായി 25,000 രൂപ (രൂപ ഇരുപത്തി അയ്യായിരം മാത്രം) സംഭാവന നല്കുവാൻ തിരുവനന്തപുരം നഗരസഭക്ക് അനുമതി നൽകണമെന്നതാണ് കത്തിലെ ആവശ്യം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ മണക്കാട്ടുള്ള ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല പ്ളാറ്റിനം ജൂബിലി ആഘോഷങ്ങളിലേയ്ക്കായി 25,000 രൂപ (രൂപ ഇരുപത്തി അയ്യായിരം മാത്രം) തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച്കൊണ്ടും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

തിരുവനന്തപുരം നഗരസഭക്ക് ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല പ്ളാറ്റിനം ജൂബിലി ആഘോഷം കമ്മിറ്റി ആഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ സംഭാവന തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എ.പി.എം. മുഹമ്മദ് ഹനീഷ്,
ഗവ.സെക്രട്ടറി (നഗര കാര്യം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
സെക്രട്ടറി, ശ്രീനാരായണ സമാധി സ്മാരക ഗ്രന്ഥശാല, മണക്കാട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധപെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.